Talented Bankers Literary Panel
പുസ്തകപരിചയം 102.

പുസ്തകം പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
ആലപ്പുഴ.

**കായേൻ,**
**ഷുസെ സരമാഗു.**

"ദൈവം ഇക്കാര്യത്തിൽ അപലപനീയമായ ദീർഘവീക്ഷണമില്ലായ്മ
പ്രദർശിപ്പിച്ചു എന്നു പറയണം.
ആദവും ഹവ്വയും പഴം പറിച്ചു തിന്നാൻ ഇടവരരുതെന്ന് ദൈവം
ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു എങ്കിൽ അതങ്ങനെ
തോട്ടത്തിന്റെ നടുവിൽ കൊണ്ടുപോയി നടാതെ
മറ്റെവിടേക്കെങ്കിലും മാറ്റി നടുകയോ അതല്ലെങ്കിൽ ചുറ്റിനും
വേലികെട്ടി സംരക്ഷിക്കുകയോ ചെയ്യുന്നത് എന്ത് എളുപ്പമായിരുന്നു"

ഇവിടെ തുടങ്ങുന്നു,
ഇങ്ങനെ തുടങ്ങുന്നു
കായേന്റെ ദൈവ വിചാരണകൾ .

കായേൻ - നൊബേൽ സമ്മാന ജേതാവ് ഷുസെ സരമാഗുവിന്റെ
വിഖ്യാത പുസ്തകം . അയ്മനം ജോണിന്റെ കുറ്റമറ്റ പരിഭാഷ.

ബൈബിളിക്കൽ കഥയുടെ ധീരമായ പുനരാഖ്യാനമാണ് കൃതി.
ആദമിന്റെ സന്തതിയാണല്ലോ kayen.
മാത്രമല്ല, സഹോദരൻ ഹാബേലിൻറെ കൊലപാതകിയും .

അതിന്റെ പാതി ശിക്ഷ
നെറ്റിയിലെ അടയാള രൂപത്തിൽ ഏറ്റുവാങ്ങി,
ശിഷ്ട ജീവിതകാലം
ദൈവത്തിന്റെ നിരീക്ഷണത്തിൽ,
ലോകം മുഴുക്കെ അലയാൻ വിധിക്കപ്പെട്ടവൻ.
അശ്വത്ഥാമാവിനോടുള്ള വിദൂര സാമ്യം ഇവിടെ കാണാം.

പക്ഷേ അയാളെപ്പോലെ ചോരയും ചലവും ഒഴുകിക്കൊണ്ടല്ല, തികച്ചും
dignified ആയി, കൊലപാതകത്തിന്റെ പാതി ഉത്തരവാദിത്വം
ദൈവത്തിന്റെ തലയിൽ കെട്ടിവെച്ചതിനു
ശേഷമാണ് അവന്റെ പുറപ്പാട്.

അതിനുശേഷം കായേൻ വർത്തമാനത്തിലും , ഭാവിയിലും മാറി മാറി
സഞ്ചരിക്കുന്നു..ഇടയ്ക്ക് ലിലിത്തിന്റെ
അഗാധ ചുഴികളിൽ പെട്ടുപോയി, ഒരു
പുത്രനെയുംഅവൾക്ക് കൊടുത്തു്, യാത്ര തുടരുന്നു..

ആമുഖത്തിൽ പറഞ്ഞതുപോലെ, തന്റെ ഓരോ വാക്കുകളിലൂടെയും
കായേൻ ദൈവത്തെ വിചാരണ ചെയ്യുകയാണ്.

ചോദ്യങ്ങൾക്ക്
ഉത്തരം പറയാൻ പറ്റാതെ ദൈവം വിയർക്കുന്നു, അപ്രത്യക്ഷനാകുന്നു,
അടിക്കടി..

ദൈവത്തിന്, താൻ ദൈവമാണ് എന്ന ഒറ്റക്കാരണത്താൽ തന്നിൽ
വിശ്വസിക്കുന്നവരുടെ സ്വകാര്യ ജീവിതങ്ങളെ ചട്ടങ്ങളും
,നിരോധനങ്ങളും, വിലക്കുകളും, മറ്റ് അസംബന്ധങ്ങളും ഒക്കെ
പ്രഖ്യാപിച്ചു ഭരിക്കുവാനുള്ള അവകാശമുണ്ടെന്നുള്ള വിചിത്ര സങ്കല്പം
എവിടെ നിന്ന് വന്നു എന്ന അയാളുടെ ചോദ്യം നോവലിലുടനീളം
മുഴങ്ങി കേൾക്കുന്നു.

സാത്താനോട് വാതുവെച്ച് ,
ഇയ്യോബിന്റെ
ജീവിതത്തിലേക്ക് ഒരു
കഷ്ടകാലക്കൊടുങ്കാറ്റ് തുറന്നുവിടുന്ന ദൈവം പ്രതിക്കൂട്ടിലല്ലെങ്കിൽ
പിന്നെ എവിടെ നിൽക്കും?

കായേൻ തുടർന്നു പറയുന്നു
"എനിക്ക് യഥാർത്ഥത്തിൽ മനസ്സിലാക്കാൻ കഴിയാത്തത്,
ദൈവം അവനിൽ വിശ്വസിക്കുന്നവരെ
വിശ്വാസത്തിലെടുക്കുന്നില്ലെങ്കിൽ
അവരെന്തിന് ദൈവത്തിൽ വിശ്വസിക്കുന്നു എന്നുള്ളതാണ്"

അയാൾക്ക് മാത്രമല്ല,
നമുക്കും ഇത് മനസ്സിലാകുന്നില്ല

ഒരുപക്ഷേ,
ഒരിക്കലും മനസ്സിലാകാനും പോകുന്നില്ല..

അതുവരെ,
അനാചാരങ്ങളുടെ കഴുതപ്പുറത്ത് അവിരാമം യാത്ര തുടരാം.

ഡിസി ആണ് പ്രസാധകർ
വില - Rs. 157/-

-------------------------------------------------------------------

1922ൽ പോർട്ടുഗലിൽ ജനിച്ച ഷുസെ സരമാഗു 1988ലെ സാഹിത്യ നോബൽ സമ്മാനജേതാവാണ്.
പ്രധാന പുസ്തകങ്ങൾ

The Gospel According
to Jesus Christ
Baltasar and Blimunda
Blindness
All the Names
Death with Interruptions
The Double
The Year of the Death of Ricardo Reis

2010ൽ മരണം.